<u>പതിനാലാം കേരള നിയമസഭ</u>

<u>അഞ്ചാം സമ്മേളനം</u>

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 808.** **27.04.2017 ൽ മറുപടിയ്ക്ക്**

<u>**വിമുക്തി പദ്ധതിയുടെ വിശദാംശങ്ങൾ**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മോൻസ് ജോസഫ് : | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ ആരംഭിച്ചിരിക്കുന്ന വിമുക്തി പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ. | (എ) | കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി"യുടെ പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂൾ/ കോളേജ് വിദ്യാഭ്യാസ സ്ഥാപനതല പ്രവർത്തനങ്ങൾ, ക്രിയാത്മക പ്രവർത്തനങ്ങൾ, സാമൂഹിക പ്രവർത്തനങ്ങൾ, വിവര വ്യാപന സംവിധാനങ്ങൾ, മദ്യവും മയക്കു മരുന്നും ഉപയോഗിച്ചു തുടങ്ങിയവരെ തിരുത്തൽ പ്രക്രിയ, നിയമ വിരുദ്ധ ലഹരി ഉൽപ്പന്നങ്ങളുടെ ലഭ്യതയും വിതരണവും ഇല്ലാതാക്കൽ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ, പുനരധിവാസം എന്നീ പദ്ധതികളാണ് നടത്തുന്നത്. |
| (ബി) | ഈ പദ്ധതി എത്ര ജില്ലകളിൽ വിജയകരമായി നടപ്പിലാക്കി വരുന്നു; മദ്യവർജനവും മയക്കുമരുന്നുകളുടെ ദുരുപയോഗവും തടയാൻ സംസ്ഥാനത്തുള്ള ബോധവൽക്കരണ ക്ലിനിക്കുകളുടെ പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ; പുതുതായി എത്ര ക്ലിനിക്കുകൾ ആരംഭിക്കാൻ കഴിഞ്ഞു; | (ബി) | കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി"യുടെ പ്രവർത്തനങ്ങളിലൂടെ എല്ലാ ജില്ലകളിലും ലഹരിക്കെതിരെയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. എക്സൈസ് വകുപ്പിന്റെ കീഴിൽ ബോധവത്ക്കരണ ക്ലിനിക്കുകൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ല. എന്നാൽ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" യുടെ ഭാഗമായി എല്ലാ ജില്ലകളിലും ഡി-അഡിക്ഷൻ സെന്ററുകൾ ആരോഗ്യവകുപ്പിന്റെ നിയന്ത്രണത്തിൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | അതോടൊപ്പം കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'യുടെ ഭാഗമായി ദേശീയ നിലവാരത്തിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒരു മാതൃകാ ഡി-അഡിക്ഷൻ സെന്റർ എക്സൈസ് വകുപ്പിന് കീഴിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | മയക്കമരുന്നിന്റെയും മദ്യത്തിന്റെയും ദുരുപയോഗത്തെക്കുറിച്ച് വരുന്ന അദ്ധ്യയനവർഷം സ്കൂൾ, കോളേജ് തലത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന ബോധവൽക്കരണ പദ്ധതികൾ വ്യക്തമാക്കാമോ? | (സി) | ജൂൺ 26 അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി എല്ലാ സ്കൂൾ/കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ മുഖാന്തിരം ഓരോ ആക്റ്റിവിറ്റി സംഘടിപ്പിക്കുന്നതാണ്. സ്കൂൾ/കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകളുടെ കൈയ്യെഴുത്തു മാസിക മത്സരം, സ്കൂൾ/കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകളുടെ നോട്ടീസ് ബോർഡിൽപോസ്റ്റർ തയ്യാറാക്കി പതിക്കൽ, വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ക്വിസ്സ്, ഉപന്യാസ മത്സരങ്ങൾ, സ്കൂൾ/കോളേജ് ലഹരിവിരുദ്ധ ക്ലബ്ബ് കൺവീനർമാർക്ക് ശിൽപ്പശാല, പ്രൊഫഷണൽ കോളേജുൾപ്പെടെയുള്ള കോളേജ് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് ഷോർട്ട് ഫിലിം ഫെസ്റ്റിവൽ മത്സരം എന്നിവയാണ് വരുന്ന അദ്ധ്യയന വർഷം സ്കൂൾ/കോളേജ് തലത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ. കൂടാതെ 2017-18 അദ്ധ്യയന വർഷം സ്കൂൾ പാഠ്യപദ്ധതിയിൽ ലഹരിവിരുദ്ധ ആശയങ്ങളടങ്ങിയ പാഠഭാഗങ്ങൾ ഉൾപ്പെടുത്തുവാൻ വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**